**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 993** **12-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ വന്യമൃഗങ്ങളുടെ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂനാടിയിൽ വന്യമൃഗങ്ങളുടെ ശല്യം അതിരൂക്ഷമായതിനാൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | നിലമ്പൂർ സൗത്ത് ഫോറസ്റ്റ് ഡിവിഷനിലെ കാളികാവ് റെയ്ഞ്ചിന് കീഴിലെ കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിലെ മൂനാടി ഭാഗത്ത് മനുഷ്യ-വന്യമൃഗ സംഘർഷമുണ്ടാകുന്ന അവസരങ്ങളിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ സംഭവസ്ഥലത്ത് എത്തുകയും വന്യമൃഗങ്ങളെ തിരികെ വനത്തിലേക്ക് കയറ്റിവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രദേശവാസികൾക്ക് ജാഗ്രതാനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച അപേക്ഷകൾ സമയബന്ധിതമായി പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ടി ഭാഗത്ത് സൈലന്റ്‌വാലി വനഭാഗത്ത് നിന്നും ഇറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് കയറ്റി വിടുന്നതിന് വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ മുള്ളിയകുറിശ്ശി പ്രദേശത്ത് പുലി, കാട്ടുപന്നി അടക്കമുള്ള വന്യമൃഗങ്ങൾ കൃഷി അടക്കമുള്ളവ നശിപ്പിക്കുന്നു എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ടി പ്രദേശത്ത് മനുഷ്യ-വന്യമൃഗ സംഘർഷമുണ്ടാകുന്ന അവസരങ്ങളിൽ ഫീൽഡ് സ്റ്റാഫ് സംഭവ സ്ഥലങ്ങൾ സന്ദർശിക്കുകയും വന്യമൃഗങ്ങളെ തിരികെ വനത്തിലേക്ക കയറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, പ്രദേശവാസികൾക്ക് ജാഗ്രതാ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ടി ഭാഗത്ത് ഇറങ്ങിയ പുലിയെ പിടികൂടുന്നതിനായി 22.02.2024 തീയ്യതിയിൽ കൂട് സ്ഥാപിക്കുകയും വനംവകുപ്പ് ഉദ്യോഗസ്ഥർ ടി ഭാഗങ്ങളിൽ നിരന്തരം പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ പുലിയുടെ ആക്രമണത്തിൽ വളർത്തുമൃഗങ്ങളെ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | എങ്കിൽ വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്നും ഈ പ്രദേശത്തെ സംരക്ഷിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് വനംവകുപ്പ് സജ്ജീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ടി പ്രദേശത്ത് മനുഷ്യ-വന്യമൃഗ സംഘർഷമുണ്ടാകുന്ന അവസരങ്ങളിൽ ഫീൽഡ് സ്റ്റാഫ് സംഭവ സ്ഥലങ്ങൾ സന്ദർശിക്കുകയും വന്യമൃഗങ്ങളെ തിരികെ വനത്തിലേക്കു കയറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, പ്രദേശവാസികൾക്ക് ജാഗ്രതാ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ടി ഭാഗത്ത് ഇറങ്ങിയ പുലിയെ പിടികൂടുന്നതിനായി 22.02.2024 തീയ്യതിയിൽ കൂട് സ്ഥാപിക്കുകയും വനംവകുപ്പ് ഉദ്യോഗസ്ഥർ ടി ഭാഗങ്ങളിൽ നിരന്തരം പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ പുലിയുടെ ആക്രമണത്തിൽ വളർത്തുമൃഗങ്ങളെ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ